ശ്രീ. എ. താണുപിള്ള: ആ രൂപം എന്താണെന്ന് പബ്ലിഷ് ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പബ്ലിഷ് ചെയ്തിട്ടില്ല.

ശ്രീ. എ. താണുപിള്ള: പബ്ലിഷ് ചെയ്തിട്ടില്ലെന്ന എനിക്ക് അറിയാം. പബ്ലിഷ് ചെയ്യുമോ എന്നാണു ചോദിച്ചതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ സാദ്ധ്യതയെപ്പറ്റി ആലോചിക്കാം.

ശ്രീ. വി. ഗംഗാധരൻ: പൊളിറ്റിക്കൽ സഫറേഴ്സിന്റെ പേരിൽ ഇപ്പോൾ എത്ര ഏക്കർസ്ഥലം പതിച്ചു കൊടുത്തിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ഗുരിച്ചൻ: പൊളിറ്റിക്കൽ സഫറേഴ്സിനു പതിച്ചു കൊടുത്തസ്ഥലം പിന്നോക്കസമുദായക്കാക്കു് പതിച്ചു കൊടുക്കുവാനായി നിക്കിവച്ചിരുന്ന സ്ഥലമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. മന്നാർ ഗോപാലൻനായർ: താൻ ഒരു പൊളിറ്റിക്കൽ സഫറർ ആണെന്നു് ഒരാളിനറിയാൻ എന്താണു് മാർഗ്ഗം?

ശ്രീ. ടി. കെ. നാരായണപിള്ള: അതയാൾക്കുതന്നെ അറിയാം.

ശ്രീ. വി. ഗംഗാധരൻ: കാൺഗ്രസ്സുകാരനല്ലാത്ത പൊളിറ്റിക്കൽ സഫറേഴ്സിനു് ആർക്കെങ്കിലും സ്ഥലം പതിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

കടിൽ വ്യവസായക്കമ്മിറ്റി റിപ്പോർട്ട്

*൪൩൯. (ഫ൩) ശ്രീ. വി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു കടിൽവ്യവസായങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റിയും മറ്റും വിശദറിപ്പോർട്ട് സമർപ്പിക്കുന്നതിനു് ഏല്പിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞുവോ;

(ബി) അതനുസരിച്ചു് ഏതെല്ലാം വ്യവസായങ്ങൾ ആരംഭിക്കുന്നുണ്ടു്;

(സി) അതതു് എവിടെയെല്ലാം?

വ്യവസായവും, ഏക്സൈയിസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഒരിടക്കാല റിപ്പോർട്ട് ഗവൺമെണ്ടിനു് കിട്ടിയിട്ടുണ്ടു്.

(ബി & സി) അതു് ആലോചനയിലിരിക്കുകയാണു്.

ശ്രീ. വി. കെ. ജോസഫ്: റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഗവൺമെണ്ടു് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കമ്മിറ്റിയെ നിയമിച്ചിട്ടു് ഇപ്പോൾ എത്രകാലമായി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: എഴുമാസത്തോളമാവും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കമ്മിറ്റിയുടെ ചെയർമാനു് ഒരു സ്റ്റേറ്റുകാർ കൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അദ്ദേഹം തിരുവനന്തപുരത്തുള്ളപ്പോൾ അദ്ദേഹത്തിന്റെ ഉപയോഗത്തിനായി ഒരു സ്റ്റേറ്റുകാർ കൊടുത്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അദ്ദേഹത്തെ ഇതിന്റെ ചെയർമാനായി നിയമിക്കാൻ കാരണമെന്താണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അദ്ദേഹം സായുധികകാര്യങ്ങളിൽ ഒരു പ്രാമാണികനാണു്. അതുകൊണ്ടു് കൂടിൽ വ്യവസായക്കമ്മിറ്റിക്കു് അദ്ദേഹത്തിന്റെ സേവനം ആവശ്യമാണെന്നു ഗവൺമെണ്ടിനു തോന്നി. സാമ്പത്തിക കാര്യങ്ങളിൽ അദ്ദേഹം അഖിലേൻഡ്യാ പ്രശസ്തിയുള്ളയാളാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ ശ്രീ. കുഞ്ഞയ്യപ്പനും, ശ്രീ. ആർ. വൈദ്യലിംഗംപിള്ളയും അംഗങ്ങളാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവർ ഇത്ര കാലത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നു് അവരോടു ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല. എന്നാൽ ഒരു താല്ക്കാലിക റിപ്പോർട്ട് അവർ ഇതിനകം സമർപ്പിച്ചുകഴിഞ്ഞു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. പി. കെ. കുമാരൻ ആശാരി: ആ കമ്മിറ്റിയിലെ ചെയർമാനു് സാമ്പത്തിക കാര്യങ്ങളിൽ എന്തു പരിജ്ഞാനമാണുള്ളതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ബഹു. മെമ്പർക്കുതന്നെ അനേഷിക്കാവുന്നതാണു്.

Sri. Mannar Gopalan Nair: Is it not an absurd answer to ask a member to enquire?

Mr. Speaker: The answer given does not involve any absurdity.

ശ്രീ. മാന്നാർ ഗോപാലൻനായർ: ആ കമ്മിറ്റിയിലെ ഒരംഗമായ ശ്രീ. വി. അച്യുതമേനോൻ രാജിവയ്ക്കുവാനുണ്ടായ കാരണമെന്താണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അഭിപ്രായവ്യത്യാസം മൂലം.

ശ്രീ. മാന്നാർ ഗോപാലൻനായർ: ആരുമായുള്ള അഭിപ്രായവ്യത്യാസം മൂലമാണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിലെ അംഗങ്ങളുമായിട്ടുള്ള അഭിപ്രായവ്യത്യാസംമൂലം.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ കമ്മിറ്റി ശരിയായ ഒരു കമ്മിറ്റിയല്ല എന്നു കണ്ടതുകൊണ്ടല്ലേ?

മിസ്റ്റർ സ്പീക്കർ: അതൊരഭിപ്രായ പ്രകടനമാണു്.

ശ്രീ. ഇട്ടീര അബ്ദുക്കൻ: ഭക്ഷ്യബോർഡിന്റെ ചെയർമാനു ഒരു കാറു കൊടുത്തു. അതുപോലെ ഒരു കാറാണോ ഈ കമ്മിറ്റിയുടെ ചെയർമാനും കൊടുത്തിരിക്കുന്നതു്?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം അനുവദിക്കത്തക്കതല്ല.

LIBRARY ARCHIVES Kerala Legislative Assembly